शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**812**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015 - 16

## മലയാളം പേപ്പർ - II

## അടിസ്ഥാന പാഠാവലി

ക്ലാസ് : VIII

സമയം : 1½ മണിക്കൂർ | ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

ഉചിതമായ ഉത്തരം എടുത്തെഴുതുക.

1. "ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്ന കാലം" - ഏത് ജീവിതഘട്ടത്തെയാണ് ഈ വരികൾ സൂചിപ്പിക്കുന്നത്?
   - ബാല്യം
   - കൗമാരം
   - യൗവനം
   - വാർധക്യം

(സ്കോർ 1)

2. "അല്ലയോ ഉദാരനായ കർഷകാ ഞങ്ങൾ പോകട്ടെ.
................................ നിങ്ങളുടെ രാജ്യം വരുന്നു. ആ നിതാന്ത സ്വതന്ത്രമായ ഭൂമിയിൽ വച്ചു വീണ്ടും നമുക്ക് കാണാം."
ഈ വാക്കുകളിൽ പ്രകടമാവുന്ന ഭാവമെന്ത്?
   - നിരാശ
   - പ്രത്യാശ
   - പ്രതിഷേധം
   - പ്രതികാരം

(സ്കോർ 1)

3. "കണ്ണിൽ ചോരയില്ലാതെ പെരുമാറുക"എന്ന ശൈലിയുടെ ഉചിതമായ ആശയം ഏത്?
   - വിവേചന ബുദ്ധിയോടെ പെരുമാറുക.
   - പിശുക്കുകാണിക്കുക.
   - സ്നേഹത്തോടെ പെരുമാറുക.
   - ദയയില്ലാതെ പെരുമാറുക.

(സ്കോർ 1)

4. "പ്രാണായാമ പടുക്കളായ യതിവര്യന്മാർ ജലത്തിനു മുകളിൽ നിഷ്പ്രയാസം ശയിക്കാറുണ്ട്. ഈ അരിക്കുട്ടങ്ങൾക്കും അതു സാധിക്കും"-
'പോലെ' എന്ന പദം ചേർത്ത് ഒറ്റ വാക്യമാക്കി എഴുതുക.

(സ്കോർ 1)

5. മാർക്കോസു ചേട്ടന്റെ സ്വഭാവ സവിശേഷതകളിൽ വിട്ടുപോയവ കൂടി ചേർത്ത് കളങ്ങൾ പൂർത്തിയാക്കുക. (സ്കോർ 4)




6. 'കുംഭത്തിൽ നട്ടാൽ കുടത്തോളം'
വ്യാഖ്യാനം : കുംഭമാസത്തിൽ നട്ടാൽ കുടത്തോളം വലുപ്പമുള്ള ചേനയുണ്ടാകും. ഈ മാതൃകയിൽ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ലെഴുതി വ്യാഖ്യാനിക്കുക.

(സ്കോർ 2)

7. വൃദ്ധൻ പറഞ്ഞു കൊടുത്ത കഥയിൽ നിന്നും സാന്റിയാഗോ ഉൾക്കൊണ്ട ജീവിത പാഠം രണ്ടു വാക്യത്തിൽ എഴുതുക.

(സ്കോർ 2)

8. 'ഒരു കർഷകന്റെ മുഖത്ത് പ്രസന്നതയന്വേഷിക്കാൻ കേരളത്തിനു നേരമില്ല. അവ ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ പോലെ നിലകൊള്ളുന്നു.'
അടിവരയിട്ട പ്രയോഗം മാർക്കോസു ചേട്ടൻ എന്ന കഥാപാത്രത്തെക്കുറിച്ചു നൽകുന്ന രണ്ടുസൂചനകൾ എഴുതുക.

(സ്കോർ 2)

9. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ"

അമ്മയെ തുമ്പയോട് സാദൃശ്യപ്പെടുത്തിയത് എത്രമാത്രം ഉചിതമായിരിക്കുന്നു എന്നു പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4)

10. കുട്ടിക്കാലത്തെക്കുറിച്ച് ക്ലാസിൽ തയ്യാറാക്കിയ ഓർമ്മക്കുറിപ്പുകൾ സമാഹരിച്ച് പതിപ്പായി പുറത്തിറക്കുന്നു. സമാഹാരത്തിന് ഉചിതമായ പേര് നിർദേശിക്കുക. പതിപ്പിന്റെ ഉള്ളടക്കം സാമാന്യമായി പരിചയപ്പെടുത്തുന്ന പുറന്താൾ കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4)

11. 'മാർക്കോസു ചേട്ടൻ കാലത്തിനു യോജിച്ച കർഷകനോ ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ കീർത്തന അവതരിപ്പിച്ച വാദങ്ങൾ ചുവടെ കൊടുക്കുന്നു.

- രാജ്യത്തെ നിയമങ്ങൾ പാലിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്.
- വ്യക്തികൾക്കു വരുന്ന നഷ്ടത്തേക്കാൾ സമൂഹത്തിന് ലഭിക്കേണ്ട നേട്ടത്തിനാണ് പ്രാധാന്യം ലഭിക്കേണ്ടത്.
- രോഗം വന്ന വാഴ വെട്ടണം

ഇതിൽ നിന്ന് വ്യത്യസ്തമായി നിങ്ങൾക്ക് എന്തെല്ലാം വാദങ്ങളുണ്ട്? അവ ഉൾപ്പെടുത്തി സംവാദക്കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4)

12. "നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം."
എണ്ണ നിറച്ച കരണ്ടി എന്ന പാഠഭാഗത്തിലെ ജ്ഞാനി കച്ചവടക്കാരന്റെ മകനു നൽകുന്ന ഈ ഉപദേശത്തിന്റെ അർത്ഥതലങ്ങൾ വിശദീകരിക്കുക.

(അരപ്പുറം) (സ്കോർ 4)

13. "ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും
മാലറ്റുപോകും, വരും വർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും"

(എ) കൂരിരുൾ നീക്കി വിടിന്നകത്ത് അമ്മ എപ്പോഴാണ് വന്നുദിക്കുന്നത്?

(സ്കോർ1)

"എല്ലാം നശിച്ചു പോയിട്ടില്ല, പോകില്ല
വല്ലതും ശേഷിക്കുമെന്ന് വിചാരിക്കെ
എന്തെന്തിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും, പുതിയ
ഭാവിയുടെ തെളിവാർന്ന ജൈവ പ്രഭാവവും!"

ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം - പുനലൂർ ബാലൻ

പ്രഭാവം - മഹത്വം

(ബി) വല്ലതും അവശേഷിക്കുമെന്ന് വിചാരിക്കുമ്പോൾ കവിയുടെ മിഴിയിൽ തെളിയുന്നതെന്ത്?

(സ്കോർ 1)

(സി) രണ്ടു കവിതാ ഭാഗങ്ങളുടേയും ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 3)

14. "മാലറ്റുപോകും വരും വർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും"

പുതുവർഷം - വിജയലക്ഷ്മി

"ചെറിയ സ്വപ്നങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം കുറ്റകരമാണ്' അരുതാത്തതാണ്. നൂറുകോടി മനസ്സുകളിലെ ചിന്തയ്ക്ക് തീ പിടിപ്പിക്കുവാൻ വലിയൊരു സ്വപ്നത്തിനേ കഴിയൂ"

- എ.പി.ജെ. അബ്ദുൾ കലാം.

കവിതാഭാഗവും സന്ദേശവും ഉൾക്കൊള്ളുന്ന ആശയങ്ങൾ ഉപയോഗപ്പെടുത്തി 'പ്രതീക്ഷകളുടെ നാളെ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക. (ഒരുപുറം)

സൂചനകൾ : ഭാവിയെക്കുറിച്ചുള്ള വ്യക്തിപരമായ സ്വപ്നങ്ങൾ
കുടുംബത്തിന്റെയും സമൂഹത്തിന്റെയും
ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ

(സ്കോർ 5)